15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4808 | 20-07-2022 - ൽ മറുപടിയ്ക്ക്

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നിർമ്മാണം ആരംഭിച്ചതും ഇനി നിർമ്മിക്കേണ്ടതുമായ പാലങ്ങളുടെ ലിസ്റ്റും അനുവദിച്ച തുകയും അവയുടെ പുരോഗതിയും വിശദമാക്കുമോ; | (എ) | **നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ**<br><br>1. കല്ലിക്കണ്ടി പാലം പുനർനിർമ്മാണം<br><br>അനുവദിച്ച തുക- 301.22 ലക്ഷം രൂപ<br><br>289 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയ ഈ പ്രവൃത്തി പുരോഗമിക്കുന്നു. പൈൽ, പൈൽ ക്യാപ് അബട്മെന്റ്, പിയർ എന്നിവ പൂർത്തീകരിച്ചു.<br><br>2. തുരുത്തിമുക്ക് പാലം നിർമ്മാണം<br><br>ഈ പ്രവൃത്തിയ്ക്കായി കിഫ്ബിയിൽ നിന്നും **11.791** കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിരുന്നു. ടി പ്രവൃത്തി ടെണ്ടർ നടപടി ക്രമത്തിലൂടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകി **12/05/2020**-ൽ കരാറിൽ ഏർപ്പെട്ടു. പ്രവൃത്തി ആരംഭിച്ചുവെങ്കിലും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ പ്രവൃത്തി പൂർണ്ണതോതിൽ നടത്തുന്നതിന് സാധിച്ചിട്ടില്ല. പ്രവൃത്തി 8 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പുഴ ഭാഗത്തെ 20 പൈലുകളുടെയും 3 പൈൽ ക്യാപുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിന്റെ ഭാഗമായുള്ള 19 (1) വിജ്ഞാപനം 23/06/2022 -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>**നിർമ്മാണം ആരംഭിക്കേണ്ട പ്രവൃത്തികൾ**<br><br>1. പത്തായക്കല്ല് പാലം പുനർ നിർമ്മാണം<br><br>അനുവദിച്ച തുക - 217 ലക്ഷം രൂപ. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | <u>2. ചിറ്റാരിത്തോട് പാലം നിർമ്മാണം</u><br><br>ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയായിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയും.<br><br><u>3. കൊല്ലയ്ക്കൽ പാലം നിർമ്മാണം</u><br><br>പുരോഗതി - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയും.<br><br><u>4. കുറുന്തട്ടിൽ പാലം</u><br><br>കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിയ്ക്കുന്നതിനായുള്ള ഡി.പി.ആർ തയ്യാറാക്കൽ പുരോഗമിക്കുന്നു. ഡിസൈൻ വിഭാഗത്തിൽ നിന്ന് 02/03/2022-ൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ആവശ്യമായിട്ടുണ്ട്.<br><br><u>**5.** കല്ലാച്ചേരികടവ് പാലം</u><br><br>കല്ലാച്ചേരികടവ് പാലം പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും **10.14** കോടി രൂപയുടെ സാമ്പത്തികാനുമതി **12/02/2022-** ൽ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കണ്ണൂർ ഭാഗത്തെ സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. ഭൂവുടമകളുമായി സൈറ്റിൽ ചർച്ച നടത്തിയപ്പോൾ നിലവിലുള്ള വീടുകളെ ബാധിക്കാത്ത രീതിയിൽ അലൈൻമെന്റ് തയ്യാറാക്കണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെട്ടു. സർവ്വേ ചെയ്ത് അലൈൻമെന്റ് തയ്യാറാക്കി പരിശോധനയ്ക്കും ഡിസൈനിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുമായുള്ള നടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. |
| (ബി) | കല്ലിക്കണ്ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി മന്ദഗതിയിലായത് കാരണം വിദ്യാർത്ഥികളും നാട്ടുകാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 26/07/2021 ൽ കരാറുകാരനായ ശ്രീ.കെ.എം.ഗണേശൻ എന്നയാളുമായി 15 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി കരാറിലേർപ്പെടുകയും 05/08/2021 ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, കല്ലിക്കണ്ടി യൂണിറ്റിന്റെ പരാതിയെ തുടർന്ന് പാലത്തിന്റെ എം.എഫ്.എൽ -ൽ ഉണ്ടായ |

| | | | |
|---|---|---|---|
| | | | മാറ്റം കാരണം ഡിസൈനിലും മാറ്റം വരുത്തേണ്ടിവന്നതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടു. എന്നാൽ പ്രവൃത്തി ആരംഭിച്ച ശേഷം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ശക്തമായ മഴ കാരണം ഡക്ക് സ്ലാബിന്റെ പ്രവൃത്തി തുടങ്ങാൻ സാധിച്ചില്ല. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ